# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34 (*301) അഗ്നിരക്ഷാസേന നവീകരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, അഗ്നിശമനരക്ഷാ സേവന വകുപ്പിന്റെ നവീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 850 ലക്ഷം രൂപ അനുവദിക്കുകയും ആയതിന് 11-07-2012-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ ഭരണാനുമതി ലഭ്യമായ വാട്ടർ ബൗസർ, നോമക്സ് ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ സെർച്ച് ലൈറ്റ്, മോഡേൺ ട്രസ്റ്റഡ്ടൈപ് അലുമിനിയം എക്സ്റ്റൻഷൻ ലാഡർ, മോഡേൺ ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് എന്നിവ വാങ്ങുന്നതിനും വിവിധ കേന്ദ്ര പദ്ധതികളിൽനിന്നായി 1595.79 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭ്യമായതിൻമേലും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ

റെസ്പോൺസ് ഫണ്ടിൽനിന്നും 6-10-2012-ലെ ഉത്തരവ് പ്രകാരം 5 കോടി രൂപ അനുവദിച്ച് മൺസൂൺ മുൻകരുതലിന്റെ ഭാഗമായി സെർച്ച് ആന്റ് റെസ്ക്യൂ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും സ്വിമ്മിംഗിലും ഡൈവിംഗിലും ജീവനക്കാർക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലനത്തിനായി ആധുനിക രീതിയിലുള്ള ഒരു നീന്തൽക്കുളം വിയ്യൂർ കേരളാ അഗ്നിശമന രക്ഷാസേവന പരിശീലന അക്കാഡമിയിൽ പണി പൂർത്തിയായിവരുന്നു. വകുപ്പിനെ നവീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് ഏകാംഗ കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. അഗ്നിശമന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനായി 21-12-2011-ലെ ഉത്തരവ് പ്രകാരം 22 സ്ഥലങ്ങൾ ഉൾപ്പെടുത്തിയ ഒരു മുൻഗണനാപ്പട്ടിക തയ്യാറാക്കുകയും അതിൽ ഇടുക്കി ജില്ലയിലെ മൂലമറ്റം ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് 11-04-2012-ലെ ഉത്തരവ് പ്രകാരം ഭരണാനുമതിയും ധനാനുമതിയും നൽകുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ളവർക്ക് അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് നൽകിയാൽ അപകടത്തിന്റെ വ്യാപ്തിയും നാശനഷ്ടങ്ങളും കുറയ്ക്കുവാനും കൂടുതൽ ജീവനുകൾ രക്ഷിക്കുവാനും കഴിയുമെന്നതിനാൽ അവരെക്കൂടി ഉൾപ്പെടുത്തി അഗ്നിരക്ഷാ സേനയുടെ നവീകരണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. പൊതുജനങ്ങൾക്കുകൂടി അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിയ്യൂരിൽ 195 ലക്ഷം രൂപയുടെ സിവിൽ ഡിഫൻസ് ട്രെയിനിംഗ് സംവിധാനങ്ങൾ ഒരുക്കി

വരികയാണ്. ഏരിയ പ്ലാറ്റ്ഫോം ലാഡർ (സ്കൈ ലിഫ്റ്റ്) വാങ്ങുന്നതിന് ആറുകോടി രൂപ നീക്കിവയ്ക്കുകയും അനന്തര നടപടികൾക്കായി എക്സ്പെർട്ട് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സേനയിൽ വാഹനങ്ങൾ വാങ്ങിയത് സംബന്ധിച്ച പരാതികളിൻമേൽ വിജിലൻസ് മേധാവിയുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുകയാണ്. ഡ്രൈവർമാരുടെ ഷോർട്ടേജ് പരിഹരിക്കുന്നതിന് പി.എസ്.സി സെലക്ട് ചെയ്ത 239 ഡ്രൈവർ-കം-ഫയർമാൻമാർക്ക് മാർച്ച് 4-ാം തീയതി മുതൽ ട്രെയിനിംഗ് ആരംഭിക്കുന്നതാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെയും ഫയർ ആന്റ് റെസ്ക്യു സർവ്വീസിന്റെയും കോ-ഓർഡിനേഷൻ ഭംഗിയായി നടക്കുന്നുണ്ടെന്നും എരുമേലിയിലെ ഫയർ സ്റ്റേഷൻ നിർമ്മാണം പ്രയോറിറ്റി ലിസ്റ്റിലുണ്ടെന്നും എത്രയും വേഗം അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും മുക്കം ഫയർ സ്റ്റേഷന്റെ പോരായ്മകൾ പരിഹരിക്കുന്നതാണെന്നും നാട്ടിക നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. .

35(*302) <u>കെ.എസ്.ബി.ബി. പദ്ധതികളിലൂടെ പരമ്പരാഗത കാർഷിക പുരോഗതി</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, പരമ്പരാഗത കാർഷിക വിളകളുടെ വൈവിധ്യം, ഇവയിൽ നഷ്ടപ്പെട്ടവയുടെ വിശദവിവരങ്ങൾ ലഭ്യതാസ്രോതസ്സുകൾ എന്നിവയുടെ കണക്കെടുക്കുക, നെല്പാട ആവാസ വ്യവസ്ഥയുടെ ഇനവിവരപ്പട്ടിക തയ്യാറാക്കുക, പാരമ്പര്യ കൃഷി രീതികളിൽ വൈദേശിക ഇനങ്ങളുടെ ആവിർഭാവം മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിന് ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക,

കാർഷിക സമീപനത്തിൽ കാർഷിക ആവാസ വ്യവസ്ഥാ സമീപനം വികസിപ്പിച്ചെടുക്കുക, തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും ഉത്പാദനവും പ്രോത്സാഹിപ്പിക്കുക, വിത്തു വില്ലേജുകൾ സ്ഥാപിക്കുക, ജനിതക പരിവർത്തനം വരുത്തിയ വിളകളുടെ ഉപയോഗം തടയുക എന്നിവ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടവയാണെന്ന് സഭയെ അറിയിച്ചു. ഇതുപ്രകാരം വയനാട് ജില്ലയിലെ ഇടവക ഗ്രാമപഞ്ചായത്തിൽ കിഴങ്ങുവർഗ്ഗ വിളകളുടെ വൈവിധ്യം സംരക്ഷിക്കുന്നതിനായി ഒരു പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. വയനാട്ടിലെ പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിക്കുന്നതിനായി 'ട്രാക്കിംഗ് ആന്റ് കൺസർവേഷൻ ഓഫ് ട്രഡീഷണൽ റൈസ് വെറൈറ്റീസ് ഇൻ വയനാട്' എന്ന പദ്ധതിയും കേരളത്തിലെ വിവിധ വിളകളുടെ വിത്തിനങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനായി 'സീഡ് ബാങ്ക് എസ്റ്റാബ്ലിഷ്മെന്റ് ഫോർ കൺസർവേഷൻ ഓഫ് പ്ലാന്റ് ഡൈവേഴ്സിറ്റി ആൻഡ് വൈൽഡ് ക്രോപ്പ് ഡൈവേഴ്സിറ്റി' എന്ന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പശ്ചിമ ഘട്ടങ്ങൾക്ക് ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് ലഭിച്ചത് പശ്ചിമഘട്ടത്തിലെ പരമ്പരാഗത കൃഷിരീതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും എക്കോസിസ്റ്റം സർവ്വീസസിന് പകരം കർഷകർക്കും ഭൂവുടമകൾക്കും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള ധനസഹായം ഐക്യരാഷ്ട്ര സഭയിൽനിന്ന് ലഭിക്കുന്നതിന് സഹായകമാകുമെന്നും പശ്ചിമഘട്ട സംരക്ഷണത്തിനും സന്ദർശകരിൽ നിന്നുള്ള വരുമാനത്തിനും ഈ പുതിയ സ്ഥാനലബ്ധി പ്രയോജനപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. യുനെസ്കോയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സാമ്പത്തിക സഹായത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര

സർക്കാരിന്റെ നിർദ്ദേശങ്ങൾ ആവശ്യമാണ്. ജൈവ കീടനാശിനികളുടെ ഉത്പാദനത്തിനും വ്യാപനത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ട് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പുമായി ചേർന്ന് സംവിധാന ങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൃശ്ശൂർ- പൊന്നാനി കോൾപ്പാടങ്ങളിൽ പരമ്പരാഗത കൃഷി പുനരുദ്ധാരണത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. വെച്ചൂർ പശു, കാസർകോഡ് ഡാർഫ്, ഹൈറേഞ്ച് ഡാർഫ്, മലബാറി ആടുകൾ, അട്ടപ്പാടി ബ്ലാക്ക്, കുട്ടനാട് താറാവ്, തനത് മത്സ്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനവും സഹായങ്ങളും നൽകുന്നുണ്ട്. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഓരോ സ്ഥലത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു കോമൺ ഡിസൈനുണ്ടാക്കി, ജനപങ്കാളിത്തത്തോടെ നടപ്പാക്കാനാണ് ബയോ ഡൈവേഴ്സിറ്റി ബോർഡ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ നേതൃത്വ ത്തിലും കാവുകളും കുളങ്ങളും സംരക്ഷിക്കുന്ന നടപടികൾ പുരോഗമിക്കു ന്നുണ്ട്. ജനപങ്കാളിത്തത്തോടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനായി കേരളത്തിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുത്ത് നടപടി സ്വീകരിക്കുന്നതാണെന്നും കൊടകരയിലെ കോടാലി എൽ.പി. സ്കൂളിൽ ബയോ ഡൈവേഴ്സിറ്റി സംരക്ഷണ പ്രവർത്തന ങ്ങൾക്കാവശ്യമായ സഹായങ്ങൾ ബയോ ഡൈവേഴ്സിറ്റി ബോർഡ് വഴി ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

36 (*303) <u>വനാതിർത്തികൾക്ക് കമ്പിവേലി സംരക്ഷണം</u>

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, വനാതിർത്തികൾ റവന്യൂഭൂമിയിൽ നിന്ന് വേർതിരിച്ച് നിറുത്തുന്നതിന് ജണ്ടകളും സർവ്വേക്കല്ലുകളും കയ്യാലകളും സ്ഥാപിച്ചിട്ടുണ്ടെന്നും റിസർവ് വനത്തിന് അതിർത്തി മാർക്കുകൾ നിലവിലുണ്ടെന്നും സഭയെ അറിയിച്ചു. കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിയിടങ്ങൾക്കും മനുഷ്യർക്കും ഹാനി വരുത്തുന്നത് തടയുന്നതിനായി വനാതിർത്തികളിൽ വൈദ്യുത കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് സാധ്യമായ ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ഒരു ലക്ഷം രൂപയാക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള കോമ്പൻസേഷൻ 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ വനം വകുപ്പ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഫെൻസിങ് നിർമ്മാണവും അഞ്ചുവർഷത്തേയ്ക്കുള്ള മെയിന്റനൻസും കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുന്നതാണ്. സാങ്ചറി ഒഴികെയുള്ള വന പ്രദേശങ്ങളിലെ ജലാശയങ്ങൾക്ക് ചുറ്റും വന്യമൃഗങ്ങളെ ആകർഷിക്കുന്ന പുല്ല് വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നബാർഡിന്റെ ധനസഹായത്തോടെ വയനാട് ജില്ലയിലെ വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. മലയാറ്റൂർ, വാഴച്ചാൽ പ്രദേശങ്ങളിലടക്കം ഇലക്ട്രിക് ഫെൻസിംഗ്

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

<u>അടിയന്തര ചോദ്യം</u>

2(2) <u>ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ നിയമനം</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, കേരളത്തിലെ പഞ്ചായത്തുകളിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. എസ്.എസ്.എൽ.സി. പാസ്സായവരും 18−നും 39-നുമിടയിൽ പ്രായമുള്ളവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആയിരം പേരെ പ്രതി മാസം നാലായിരം രൂപ ഓണറേറിയം നൽകിയാണ് പ്രൊമോട്ടർമാരായി നിയോഗിക്കുന്നത്. ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിന് മാതൃ ഭൂമി, മലയാള മനോരമ, മാധ്യമം, ദേശാഭിമാനി, ജനയുഗം, ചന്ദ്രിക, കേരള കൗമുദി തുടങ്ങിയ പത്രങ്ങളിലൂടെയും തൊഴിൽ വീഥി, തൊഴിൽ വാർത്ത എന്നീ പ്രസിദ്ധീകരണങ്ങളിലൂടെയും പത്രക്കുറിപ്പ് വഴി ന്യൂനപക്ഷക്ഷേമ ഡയറക്ടർ അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറേറ്റുക ളിലെ ന്യൂനപക്ഷ സെല്ലുകളിൽ ലഭിച്ച അപേക്ഷകളിൽ യോഗ്യരായവരെ ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്തി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പത്രങ്ങൾ വഴി അപേക്ഷ ക്ഷണിച്ചത് ശ്രദ്ധയിൽപ്പെട്ടില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ മൂന്നുപ്രാവശ്യം സമയം നീട്ടിക്കൊടു ത്തിട്ടുണ്ടെന്നും 14 ജില്ലകളിലും ഇന്റർവ്യു നടത്തുന്നതിനായി മുസ്ലിം യുവ ജനതയുടെ പരിശീലനകേന്ദ്രങ്ങളിലെ രണ്ട് പ്രിൻസിപ്പൽമാർ, അല്ലെങ്കിൽ കേരള മദ്രസ ക്ഷേമനിധി മാനേജർ തുടങ്ങിയവർക്ക് പുറമേ അതാത് ജില്ല

യിലെ ഡെപ്യൂട്ടി കളക്ടർ /തഹസീൽദാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ 5 സമിതികളെ നിയോഗിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 304 മുതൽ 330 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3554 മുതൽ 3877 വരെയുള്ള ചോദ്യങ്ങളിൽ 114 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.